(സി) സംസ്ഥാന സർക്കാരിന്റെ അംഗീകാരം ലഭിച്ച ടൂറിസം യൂണിറ്റുകൾക്കു മാത്രമാണ് ടൂറിസം വകുപ്പ് സബ്സിഡി നൽകുന്നത്. ബേക്കറികൾ, ലോഡ്ജുകൾ എന്നിവയ്ക്ക് ടൂറിസം യൂണിറ്റുകളായി അംഗീകാരം നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല.

ചേർപ്പിലെ മേജർ സെക്ഷൻ ഓഫീസ് ഡിവിഷൻ ഓഫീസാക്കി ഉയർത്താൻ നടപടി

26 [3370] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് മേജർ സെക്ഷൻ ഓഫീസിന്റെ പദവി സെക്ഷൻ ഓഫീസാക്കി തരംതാഴ്ത്താനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) ഏറ്റവും പ്രധാനപ്പെട്ട നെൽകൃഷി മേഖലയായ ചേർപ്പ് മേജർ സെക്ഷൻ ഓഫീസ് ഡിവിഷൻ ഓഫീസാക്കി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുമോ;

(സി) ചേർപ്പ് ഡിവിഷൻ ഓഫീസായി ഉയർത്തണമെന്നുള്ള നിവേദനം പരിഗണിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, തൃശ്ശൂർ വെസ്റ്റ്, ഈസ്റ്റ് തുടങ്ങി 4 ഡിവിഷനുകളുടെ കീഴിലാണ് ചേർപ്പ് നിയോജകമണ്ഡലത്തിലെ വിവിധ ഓഫീസുകൾ പ്രവർത്തിക്കുന്നത് എന്നതിനാൽ ഭരണപരമായി വളരെയധികം വിഷമതകൾ ഈ മേഖലയിൽ നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മേജർ സെക്ഷൻ എന്ന ആശയം ഇപ്പോൾ നിലവിലില്ല. ബോർഡ് പുനഃസംഘടനയുടെ ഭാഗമായി മേജർ സെക്ഷനുകളും, സെക്ഷനുകളും ഇലക്ട്രിക്കൽ സെക്ഷനുകളായി പുനർ നാമകരണം ചെയ്യപ്പെട്ടു. ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടിയാണ് ഈ സംവിധാനം നടപ്പിലാക്കിയത്. അല്ലാതെ പ്രസ്തുത ഓഫീസ് തരം താഴ്ത്തലിന് വിധേയമായിട്ടില്ല.

(ബി) പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) ചേർപ്പ് സെക്ഷൻ ഇപ്പോൾ ഇരിങ്ങാലക്കുട ഡിവിഷനിലാണ്. സബ്ഡിവിഷൻ കരുവണ്ണൂരും. മൂന്ന് നാല് സബ് ഡിവിഷനുകൾ ചേർന്നാണ് ഡിവിഷനുകൾ പ്രാവർത്തികമാക്കുന്നത്. അങ്ങനെ നോക്കുമ്പോൾ ചേർപ്പിൽ ഒരു ഡിവിഷന്റെ ആവശ്യകത ഇപ്പോഴില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly